## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 35** **29-01-2024 - ൽ മറുപടിയ്ക്ക്**

## കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ല അടിസ്ഥാനമാക്കി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിൽ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് നടത്തുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു.<br><br>1. തൊഴിൽ നൈപുണ്യ പരിശീലനവും നൈപുണ്യ പരിശീലനത്തിന്റെ ആവശ്യകതയും ഉദ്യോഗാർത്ഥികളിലേക്കും പൊതുജനങ്ങളിലേക്കും കൂടുതലായി എത്തിക്കുന്നതിനായി, 25.11.2023-ന് തിരുവനന്തപുരം ജില്ലാ സ്കിൽ ഫെയർ നടത്തി. എഴുന്നൂറോളം ഉദ്യോഗാർത്ഥികൾ സ്കിൽ ഫെയറിൽ പങ്കെടുക്കുകയും അവരുടെ താല്പര്യമുള്ള വിവിധനൈപുണ്യ പരിശീലന കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ നൽകുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലെ കോളേജുകളെ കേന്ദ്രീകരിച്ചും സ്കിൽ ഫെയറുകൾ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.<br><br>2. സമാന താല്പര്യങ്ങളും ലക്ഷ്യങ്ങളുമുള്ള ഒരു കൂട്ടം വിദ്യാർത്ഥികൾ, അവരുടെ പഠനാനുഭവങ്ങളും പഠന താൽപര്യങ്ങളും പരസ്പരം പങ്കുവയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കോളേജുകളിൽ സൃഷ്ടിക്കപ്പെടുന്ന ചെറിയ ഗ്രൂപ്പുകളാണ് ലേർണിംഗ് സർക്കിളുകൾ. തിരുവനന്തപുരം ജില്ലയിലെ 17 കോളേജുകളിൽ നിന്നായി 648 കുട്ടികൾക്ക് ഈ പദ്ധതി വഴി പരിശീലനം നൽകി. ഡ്രോൺ ആൻഡ് അലൈഡ് ടെക്നോളജിയിൽ അഞ്ചു ദിന ബൂട്ട് ക്യാമ്പ് തിരുവനന്തപുരം മാർ ബസേലിയോസ്, നാലാഞ്ചിറ വെച്ച് സംഘടിപ്പിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി സ്കിൽ ഗ്യാപ്പ് അസ്സെസ്സ്മെന്റ് നടപ്പിലാക്കി വരുന്നു. 18 വയസ്സ് |

| | | | |
|---|---|---|---|
| | | | മുതൽ 35 വയസ്സ് വരെ പ്ലസ് ടു അടിസ്ഥാന വിദ്യാഭ്യാസമുള്ള ഏതൊരു വ്യക്തിക്കും ഈ ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്. ഉദ്യോഗാർത്ഥിയുടെ നൈപുണ്യ വിടവ് മനസ്സിലാക്കുകയും അവർക്ക് അനുയോജ്യമായ സ്കിൽ കോഴ്സ് നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.<br><br>4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്കില്ലിങ് കേന്ദ്രങ്ങളായി മാറ്റുന്നതു സംബന്ധിച്ച് വിവിധ സ്ഥാപനങ്ങളുമായുള്ള ചർച്ചകൾ നടന്നു വരുന്നു. അതിനായി വൺ കോൺസ്റ്റിട്യൂൻസി വൺ ഇൻസ്റ്റിറ്റ്യൂഷൻ എന്ന പദ്ധതി തുടങ്ങുകയും നിലവിൽ 132 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതുവരെ അപ്ലിക്കേഷൻ നൽകിയിട്ടുമുണ്ട്.<br><br>5. മൽസ്യ തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള തൊഴിലന്വേഷകർക്ക് വേണ്ടിയുള്ള പ്രത്യേക നൈപുണ്യ പരിശീലനത്തിലൂടെ ജോലി നൽകുന്നതുമായി ബന്ധപ്പെട്ട് 'തൊഴിൽ തീരം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>6. SC / ST ഡിപ്പാർട്ടുമെന്റുമായി സംയോജിച്ചു പാർശ്വവല്കൃത വിഭാഗത്തിൽപെട്ട തൊഴിലന്വേഷകർക്ക് പ്രത്യേക നൈപുണ്യ പരിശീലനത്തിലൂടെ ജോലി നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>7. കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്ക് വേണ്ടി നൈപുണ്യ പരിശീലനത്തിലൂടെ ജോലി നൽകുന്നതുമായി ബന്ധപ്പെട്ട് 'തൊഴിലരങ്ങത്തേക്ക് ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഒരു ജില്ല ഒരു ആശയം പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ? | (ബി) | 'ഒരു ജില്ല ഒരു ആശയം' പദ്ധതി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ടി പദ്ധതിയിൽ ഒൻപത് ക്ലസ്റ്ററുകൾ ആണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഒരേതരം ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന എം.എസ്.എം.ഇ. കളെ കോർത്തിണക്കിയാണ് ക്ലസ്റ്ററുകൾ രൂപപ്പെടുത്തിയിരിക്കുന്നത്.<br><br>1. കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് ക്ലസ്റ്റർ, കോവളം<br>2. കോട്ടുകാൽ വില്ലേജ് കൈത്തറി, കാഞ്ഞിരംകുളം<br>3. ബാലരാമപുരം കൈത്തറി ക്ലസ്റ്റർ-2 (ബാലരാമപുരം വനിത), പള്ളിച്ചൽ<br>4. ബാലരാമപുരം ഇക്കോടെക്സ് കൈത്തറി, ധനുവച്ചപുരം |

| | | | |
|---|---|---|---|
| | | | 5. തിരുവനന്തപുരം എംബ്രോയ്ഡറി സൊസൈറ്റി, പ്ലാമൂട്ടുക്കട<br>6. കയർ ക്ലസ്റ്റർ തിരുവനന്തപുരം, നെയ്യാറ്റിൻകര<br>7. ബാലരാമപുരം കൈത്തറി ക്ലസ്റ്റർ-1, പള്ളിച്ചൽ<br>8. തിരുവനന്തപുരം പപ്പട് ക്ലസ്റ്റർ, വഞ്ചിയൂർ<br>9. Reed & Bamboo ഉൽപ്പന്നങ്ങൾ, വെളിയന്നൂർ<br><br>പ്രസ്തുത ക്ലസ്റ്ററുകളുടെ നിലവിലെ സാഹചര്യങ്ങൾ പഠിച്ച് ഈ ക്ലസ്റ്ററുകളുടെ ക്രമാതീതമായുള്ള വളർച്ചയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി മെന്റർ ഇൻസ്റ്റിട്യൂഷൻസിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത മെന്ററിങ് സ്ഥാപനങ്ങളുടെ സഹായത്തോടെ ഉയർന്ന തൊഴിൽ ലഭ്യതയ്ക്കും ഉല്പന്നത്തിന്റെ മൂല്യവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള ആക്ഷൻ പ്ലാനുകൾ തയാറാക്കുന്നതിനുവേണ്ടിയുള്ള സഹായം ഉറപ്പ വരുത്തി. ഇത്തരത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകളുടെ ഇവാലുവേഷൻ പ്രക്രിയ Entrepreneurship Development Institute of India (EDII), Ahemedabad ന്റെ സഹായത്തോടുകൂടി നടപ്പിലാക്കി.<br><br>ഇന്നോവേഷൻ പ്ലാനിനെ അടിസ്ഥാനമാക്കി EDII നടത്തിയ മൂല്യനിർണയത്തിൽ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് ക്ലസ്റ്റർ, (കോവളം) കോട്ടുകാൽ വില്ലേജ് കൈത്തറി, ബാലരാമപുരം കൈത്തറി ക്ലസ്റ്റർ-2 (പള്ളിച്ചൽ), ബാലരാമപുരം ഇക്കോ ടെക്സ് കൈത്തറി എന്നീ ക്ലസ്റ്ററുകൾ അടുത്ത ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ